**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 90** **07-10-2024 - ൽ മറുപടിയ്ക്ക്**

**തീരനിയന്ത്രണമേഖലയിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര തീരദേശനിയന്ത്രണ മേഖലാ വിജ്ഞാപനം (2019) ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച ഏതെല്ലാം പദ്ധതികൾക്കാണ് ദേശീയ തീരദേശമേഖലാ മാനേജ്മെന്റ് അതോററ്റിയോഗം അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പ് ഉടനെ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. |
| (ബി) | രാജ്യത്ത് ആദ്യമായാണ് തീരനിയന്ത്രണമേഖലയിൽ ഇളവു ലഭിക്കുന്നതെന്ന് തീരദേശപരിപാലന അതോറിറ്റിയുടെ അധികൃതർ വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) | സി.ആർ.ഇസഡ് വിജ്ഞാപനം ആദ്യമായി പുറപ്പെടുവിക്കുന്നത് 1991- ലാണ്. തുടർന്ന് 2011 ലും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഈ വിജ്ഞാപനത്തിൽ ഇളവുകൾ നൽകിയാണ് 2019 സി.ആർ.ഇസഡ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | തീരദേശ റെഗുലേഷൻ സോൺ മൂന്നിൽ നിന്നും രണ്ടിലേയ്ക്ക് മാറ്റുന്നതിന് എത്ര പഞ്ചായത്തുകൾക്കാണ് അനുവാദം നല്കിയിട്ടുള്ളതെന്നും ഇതുമൂലം എന്തെല്ലാം നിയന്ത്രണങ്ങളിലാണ് ഇളവ് നൽകിയതെന്നും വ്യക്തമാക്കുമോ? | (സി) | 175 പഞ്ചായത്തുകളെ സി.ആർ.ഇസഡ് III യിൽ നിന്നും സി.ആർ.ഇസഡ് II ലേക്ക് തരം മാറ്റണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്. എന്നാൽ 66 ഗ്രാമപഞ്ചായത്തുകളെ മാത്രമേ സി.ആർ.ഇസഡ് III ൽ നിന്നും സി.ആർ.ഇസഡ് II ലേയ്ക്ക് തരം മാറ്റിയിട്ടുള്ളൂ. ഈ പഞ്ചായത്തുകളിൽ സി.ആർ.ഇസഡ് മേഖലയിൽ അംഗീകൃത റോഡോ, കെട്ടിടമോ നിലവിലുണ്ടെങ്കിൽ അതിനു സമാന്തരമായോ കരഭാഗത്തേയ്ക്കോ പുതിയ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ